Kerala Kaumudi 06-08-18 P-10

കേരളത്തിലെ

ശീതകാല പച്ചക്കറി കൃഷി

ഡോ, എൽ. രാജാമണി

ഡോ. കെ.എം. അബ്ദുൾഖാദർ

കേരളത്തിൽ ഉപയോഗിക്കുന്ന ശീതകാല പച്ചക്കറികളിൽ സിംഹഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. എന്നാൽ ഇവിടത്തെ ഹൈറേഞ്ച്പ്രദേശങ്ങളിൽ ശീതകാലപച്ചക്കറികൾ വൻതോതിൽ കൃഷിചെയ്തു വരുന്നുണ്ട്. ഇടുക്കി ജില്ലയുടെ വടക്കു-കിഴക്കൻ മലനിരകളായ വട്ടവട, കാന്തല്ലൂർ, മാട്ടുപ്പെട്ടി, മറയൂർ എന്നീ പ്രദേശങ്ങൾ ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധനേടി മുന്നിൽ നിൽക്കുന്നു. വയനാട് ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങൾ, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി, പത്തനംതിട്ട ജില്ലയിലെ താന്നിതോട്, സീതത്തോട്, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, തിരുവനന്തപുരം ജില്ലയിലെ പൊന്മുടി, പലോട്, വിതുര, പെരിങ്ങമ്മല എന്നിവിടങ്ങളിലും ശ്രദ്ധവച്ചാൽ ശീതകാലപച്ചക്കറികൾ ആദായകരമായി കൃഷിചെയ്യാവുന്നതാണ്.



കാരറ്റ്

ശാസ്ത്രനാമം : ഡാക്കസ് കരോട്ട

അഫ്ഗാനിസ്ഥാൻ പ്രദേശത്ത് ജന്മംകൊണ്ട കാരറ്റ് പേർഷ്യൻ നാട്ടുവഴിയാണ് ഇന്ത്യയിലെത്തിയത്. ശീതകാലപച്ചക്കറിവിളകളിൽ കാരറ്റിന് വലിയ പ്രാധാന്യമാണുള്ളത്. പച്ചയ്ക്കും പാചകംചെയ്തും ഭക്ഷിക്കാവുന്ന ഈ മധുരമുള്ള പച്ചക്കറിയിൽ പ്രൊവിറ്റാമിൻ എ ധാരാളം അടങ്ങിയിട്ടുണ്ട്.

പൂസ കേസർ, നാൻഡസ്, ചാന്ത്നി, സെനോ, ഡാൻവേഴ്സ്, ഇമ്പറേറ്റർ, അമേരിക്കൻ ബ്യൂട്ടി, ഊട്ടി എന്നിവയാണ് കേരളത്തിൽ നട്ടുവളർത്താവുന്ന ഇനങ്ങൾ.

നേർത്ത് നീളമുള്ളതും മിനുമിനുത്ത പ്രതലമുള്ളതുമായ കാരറ്റ് ലഭ്യമാകുന്നതിന് നല്ലവണ്ണം ഇളക്കമുള്ളതും നീർവാർച്ചാ സൗകര്യമുള്ളതുമായ മണ്ണ് അത്യന്താപേക്ഷിതമാണ്. 20-25ഛഇ താപനില ലഭ്യമാകുന്ന പ്രദേശമാണ് മേൽത്തരം കാരറ്റിന് അനുയോജ്യമായത്. നേരിട്ട് വിത്തുപാകിയാണ് കാരറ്റ് കൃഷിചെയ്യുന്നത്. ഒക്ടോബർ-നവംബർ മാസത്തിൽ കൃഷി തുടങ്ങുന്നതാണ് ഉത്തമം. ഒരു സെന്റിന് 30-35 ഗ്രാം വിത്ത് വേണ്ടിവരും. ജീരകം പോലെയുള്ള ചെറിയ വിത്തായതുകാരണം മണലുമായി കലർത്തി വേണം പാകുവാൻ. സെന്റിന് 100 കി.ഗ്രാം ചാണകം എന്നതോതിൽ അടിവളം മണ്ണുമായി കലർത്തി തയ്യാറാക്കിയ ബെഡിലാണ് വിത്ത് പകേണ്ടത്. 50 സെ.മീ. വീതിയിൽ തയ്യാറാക്കുന്ന ബെഡിൽ 25 ണ്മ 10 സെ.മീ. അകലത്തിലാണ് വിത്തുപാകുന്നത്. ഒരു മാസം കഴിഞ്ഞ് ചെടികൾ തമ്മിലുള്ള അകലം 15 സെ.മീ. ലഭ്യമാകുന്ന രീതിയിൽ ഇടയ്ക്കുള്ളവ പിഴുതുമാറ്റി ക്രമീകരിക്കുന്നത് നല്ലതാണ്. ഒരു മാസം കഴിഞ്ഞ് സെന്റിന് 200 :160:200 ഗ്രാം എന്നതോതിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് ഇവ ലഭ്യമാകത്തക്കരീതിയിൽ വളപ്രയോഗം നൽകിയിരിക്കണം. എല്ലാ സാഹചര്യങ്ങളും അനുകൂലമായി വരുന്നപക്ഷം വിത്ത് പാകി 50-60 ദിവസം പാകമായി കഴിഞ്ഞ് കാരറ്റ് പിഴുതെടുക്കാൻ സാധിക്കുന്നു.

കേരളത്തിന്റെ കാലാവസ്ഥയിൽ ബാക്ടീരിയ കൊണ്ടുള്ള വാട്ടരോഗം ക്യാരറ്റിൽ ഉണ്ടാകാവുന്നതാണ്. നനയ്ക്കുവാനുപയോഗിക്കുന്ന വെള്ളത്തിൽ കുമ്മായം കിഴികെട്ടിയിടുന്നതുകൊണ്ട് രോഗത്തിന്റെ കാഠിന്യം കുറയുന്നു. എന്നാൽ ആക്രമണം രൂക്ഷമായി കാണുന്ന പ്രദേശത്ത് പ്രതിരോധശേഷിയുള്ള ഇനങ്ങൾ വളർത്തുന്നതാണ് നല്ലത്.

ബീറ്റ്റൂട്ട്

ശാസ്ത്രനാമം : ബിറ്റാ വൾഗാരിസ്

ബ്രിട്ടീഷ് കടൽ തീരങ്ങളിൽ ജന്മംകൊണ്ട ബീറ്റ്റൂട്ട് ഇന്ന് പ്രചാരമേറിയ ഒരു ശീതകാല പച്ചക്കറിയായി തീർന്നിരിക്കുന്നു. ചുവന്ന ഗോളാകൃതിയിലുള്ള കിഴങ്ങും ഇളം തളിരിലകളും ഭക്ഷ്യയോഗ്യമാണ്. ഇതിൽ 6-10 ശതമാനം വരെ സൂക്രോസ് അടങ്ങിയിട്ടുണ്ട്.

കേരളത്തിൽ പൊതുവേ ബീറ്റ്റൂട്ട് കൃഷിക്ക് സാദ്ധ്യതകുറവാണെങ്കിലും കിഴക്കൻ പ്രദേശങ്ങളിൽ നല്ല രീതിയിൽ കൃഷിചെയ്യാം. നല്ല താഴ്ചയിൽ ഇളക്കമുള്ളതും നീർവാർച്ചാസൗകര്യവുമുള്ളതുമായ മണ്ണുള്ള സ്ഥലം കൃഷിക്ക് തിരഞ്ഞെടുക്കണം. കാരറ്റ് കൃഷിചെയ്യുന്ന അതേരീതിയിൽ നവംബർ-ജനുവരി മാസങ്ങളിൽ ഇത് കൃഷിചെയ്യാവുന്നതാണ്. ഏർളി വണ്ടർ, അസ്ഗ്രോ വണ്ടർ, ക്രിമസൺ ഗേളാബ്, ഹാഫ്ലോംഗ് ബ്ളഡ്, ലോംഗ് ഡാർക്ക് ബ്ളഡ്, വിന്റർ കീപ്പർ, ഊട്ടി-1 എന്നിവയാണ് നമ്മുടെ കാലാവസ്ഥയിൽ ശരാശരി വിളവ് തരുന്നവ.

ബീൻസ്

ശാസ്ത്രനാമം : ഫാസിയോളസ് വൾഗാരിസ്

തെക്കേ അമേരിക്കയിൽ ജന്മംകൊണ്ട ഈ പച്ചക്കറി ഇന്ന് ലോകത്ത് ഏറ്റവും പ്രചാരമേറിയ ഒരു ശീതകാല പയറുവർഗ പച്ചക്കറിയാണ്. ഇളം കായ്കളും മൂഴത്ത വിത്തും ഉണങ്ങിയ പയറും എല്ലാം പച്ചക്കറിയായി ഉപയോഗിച്ചുവരുന്നു. ഉഷ്ണമേഖലാ പ്രദേശത്തും മിതശീതോഷ്ണ പ്രദേശത്തും മാത്രമല്ല മിക്കവാറും എല്ലാ ശൈത്യമേഖലകളിലും ഇത് നട്ടുവളർത്തുന്നുണ്ട്.

പകൽ ദൈർഘ്യത്തെ അടിസ്ഥാനമാക്കി ഹ്രസ്വപകലിനങ്ങളും ദീർഘ പകലിനങ്ങളും ബീൻസിൽ ലഭ്യമാണ്. അതുപോലെ വളർച്ചാ സ്വഭാവമനുസരിച്ച് കുറ്റി ഇനങ്ങളും (ബുഷ് ടൈപ്പ്) ഉയരത്തിൽ വളരുന്ന ഇനങ്ങളും (പോൾ ടൈപ്പ്) ഉണ്ട്. പ്രീമിയർ, കണ്ടെന്റർ, പൂസ പാർവതി, അർക്കകോമൽ, പന്ത് അനുപമ, യെർക്കാട്-1, ടി.കെ.ഡി.-1 എന്നിവ നമ്മുടെ കാലാവസ്ഥയിൽ ഡിസംബർ-ഫെബ്രുവരി മാസങ്ങളിൽ നട്ടു വളർത്താവുന്നതാണ്. ഇലപ്പേൻ, മുഞ്ഞ എന്നീ കീടങ്ങളും ബാക്ടീരിയൽ വാട്ടം എന്നീ രോഗവും ബീൻസിൽ കണ്ടുവരുന്നുണ്ട്. ക്യാബേജിലും ക്യാരറ്റിലും അവലംബിക്കുന്ന കീട-രോഗ നിയന്ത്രണ മാർഗങ്ങൾ ഇവിടെയും ശീലിക്കാവുന്നതാണ്.

ഉരുളക്കിഴങ്ങ്

ശാസ്ത്രനാമം : സൊളാനം ട്യൂബറോസം

ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട പച്ചക്കറിയാണ് ഉരുളക്കിഴങ്ങ്. പല ഉഷ്ണമേഖലാ പ്രദേശങ്ങളിലും ഇത് വളരുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി ഉരുളക്കിഴങ്ങ് ഒരു ശീതകാലവിളയാണ്. തെക്കേ അമേരിക്കയിലെ ചിലിയിൽ ജന്മംകൊണ്ട ഉരുളക്കിഴങ്ങ് ഫിലിപ്പൈൻസ് വഴിയാണ് ഇന്ത്യയിലെത്തിയത്. വൈവിധ്യമാർന്ന ധാരാളം ഇനങ്ങൾ ഇന്ത്യയിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും കേരളത്തിൽ നട്ടുവളർത്താവുന്ന ഇനങ്ങൾ കുഫ്റി നീല, കുഫ്റിസിന്ദൂരി, കുഫ്റി ചന്ദ്രമുഖി, കുഫ്റി ചമത്ക്കാർ, കുഫ്റി നീൽമണി, കുഫ്റി മുത്തു, കുഫ്റി ദേവ എന്നിവയാണ്.

പരമ്പരാഗതമായി ഉരുളക്കിഴങ്ങ് മൊത്തമയോ ചെറിയ കഷ്ണങ്ങളയോ മുറിച്ച് നട്ടാണ് കൃഷിചെയ്യുന്നത്. ഒരു സെന്റിന് 3.5 മുതൽ 4.5 കി.ഗ്രാം വരെ കിഴങ്ങ് ഇതിനുവേണ്ടിവരും. കിഴക്കൻ മലനാട്ടുകളിൽ ഏപ്രിൽ, ആഗസ്റ്റ്, ജനുവരി എന്നീ മാസങ്ങളിൽ വിത്ത് പാകി കൃഷി തുടങ്ങുന്നു. ഇത്തരത്തിൽ ഒരു വർഷത്തിൽ മൂന്നുവിള എടുക്കുവാൻ സാധിക്കുന്നു. കൂടുതൽ പടർന്നു വളരാത്ത ഇനങ്ങൾ 45 ണ്മ 15 സെ.മീ. അകലത്തിലും പടർന്നു വളരുന്ന ഇനങ്ങൾ 60 ണ്മ 25 സെ.മീ. അകലത്തിലും നടണം. ഒരു സെന്റിലേക്ക് 150 കി.ഗ്രാം കാലി വളത്തിനുപുറമെ 500 ഗ്രാം നൈട്രജൻ; 400 ഗ്രാം മസൂറിഫോസ്, 300 ഗ്രാം പൊട്ടാഷ് എന്ന തോതിൽ അടിവളം ലഭ്യമാകത്തക്ക രീതിയിൽ രാസവളങ്ങൾ നൽകേണ്ടതാണ്.

കിഴങ്ങു നട്ടുള്ള കൃഷിക്ക് പകരമായി ഇന്ന് യഥാർത്ഥ വിത്തു മുഖേനയുള്ള കൃഷിക്ക് പ്രചാരമേറിയിരിക്കുന്നു. 'ട്രൂ പൊട്ടറ്റോ സീഡ് വിദ്യ' എന്നാണിതിന് പേര്. പുതിയ പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനു മാത്രമല്ല, കിഴങ്ങിലൂടെ പകരുന്ന പല രോഗ-കീടങ്ങളെ നിയന്ത്രിക്കുന്നതിനും ഈ സങ്കേതിക വിദ്യ ഫലപ്രദമാണ്.

ഡോ. എൽ. രാജാമണി
പ്രൊഫസർ, ഹോർട്ടിക്കൾച്ചർ (റിട്ടേർഡ്)
9447120671, rajamonyl1955@gmail.com

ഡോ. കെ. എം. അബ്ദുൾ ഖാദർ
പ്രൊഫസർ, പ്ലാന്റ് ബ്രീഡിങ്ങ് & ജെനറ്റിക്സ് (റിട്ടേർഡ്)
9847145010, kmakhader@gmail.com